KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

150 YEARS OF CELEBRATING THE MAHATMA

വൈദ്യുതി ഭവനം, പട്ടം , തിരുവനന്തപുരം - 695 004, കേരളം

ഫോൺ :+91 471 2514472 2514527 2514455 2514608

ഇ- മെയിൽ :pokseb@gmail.com

## സംഗ്രഹം

ജീവനക്കാര്യം - സംസ്ഥാന സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി - 2020 വർഷത്തേയ്ക്കുള്ള പദ്ധതിയുടെ പ്രീമിയം തുക KSEBL – ൽ ഓഫീസർ / ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്തത് ട്രഷറിയിൽ ഒടുക്കുന്നതിന്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ഓഫീസ് ഉത്തരവ്(സി.എം.ഡി)നം. 2358/2019 (PS.8/G.L/GPAIS/2019) തീയതി, തിരുവനന്തപുരം 24 .12.2019

---

സൂചന:-

1) 23.11.2010 – ലെ സ.ഉ (പി) നമ്പർ 616/2010/ധന.
2) B.O (FM) No.3294/2010 (PS9/GL/GPAIS/2010) dated 17.12.2010.
3) B.O (FTD) No.249/2019 (PS8/GL/GPAIS/2018) dated 15.03.2019.
4) B.O (FTD) No.2028/2018 (PS/SS1/SL1 – Implementation/2009) dated 21.12.2018.
5) 30.05.2019 – ലെ സർക്കുലർ നമ്പർ 57/2019/ധന.
6) 18.11.2019 – ലെ സ.ഉ (അച്ചടി) നം.159/2019/ധന.
7) 28/11/2019 ലെ പി.എസ്.8/GL/GPAIS/2019 നമ്പർ പരിപത്രം.
8) ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിച്ച 23/12/2019 ലെ പി.എസ്.8/GL/GPAIS/2019 നമ്പർ കുറിപ്പ്.

## ഉത്തരവ്

നിലവിൽ KSEB Ltd ജീവനക്കാർക്ക് ബാധകമാക്കി നടപ്പിലാക്കിവരുന്ന GPAIS പദ്ധതിയുടെ കാലാവധി 31.12.2019 – ന് അവസാനിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത പദ്ധതി 01.01.2020 മുതൽ 31.12.2020 വരെയുള്ള കാലയളവിൽ ആവശ്യമായ ഭേദഗതികൾ കൂടി ഉൾപ്പെടുത്തി പുതുക്കി നടപ്പാക്കുന്നതിന് പ്രസ്തുത കാലയളവിൽ KSEBL ലെ 50 വയസ്സിന് താഴെ പ്രായമുള്ള എല്ലാ ജീവനക്കാരും നിർബന്ധമായും കേരളാ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ SLI, GIS പദ്ധതികളിൽ അംഗത്വം നേടിയിരിക്കണമെന്ന് സൂചന 5, 6 പരിപത്രം പ്രകാരം കർശന നിർദ്ദേശം നൽകിയിരിക്കുന്നു.

പ്രസ്തുത വിഷയം സംബന്ധിച്ച് KSEB Ltd ലെ അംഗീകൃത ഓഫീസർ / സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തിയതിൽ SLI, GIS പദ്ധതികളിൽ ജീവനക്കാരെ നിർബന്ധമായും ഉൾപ്പെടുത്തുന്നതിൽ സംഘടനകൾ വിയോജിപ്പ് അറിയിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ പ്രസ്തുത വിഷയം KSEB Ltd വിശദമായി പരിശോധിക്കുകയും GST ഉൾപ്പെടെയുള്ള GPAIS പ്രീമിയം തുകയായ 1004/- രൂപ ഓഫീസർ / ജീവനക്കാരുടെ 2019 നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും കുറവു ചെയ്യുന്നതിനും SLI, GIS പദ്ധതികളിലെ അംഗത്വം സംബന്ധിച്ച അന്തിമ തീരുമാനം KSEB Ltd എടുക്കുന്നതുവരെ പ്രീമിയമായി ഈടാക്കിയിട്ടുള്ള പ്രസ്തുത തുക ട്രഷറിയിൽ ഒടുക്കാതെ സസ്പെൻസ് അക്കൗണ്ടിൽ നിലനിർത്തുവാനും സൂചന 7 പ്രകാരം എല്ലാ ARU തലവൻമാർക്കും നിർദ്ദേശം നൽകിയിരുന്നു.

2020 വർഷത്തേക്കുള്ള GPAIS പ്രീമിയം പുതുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം KSEB Ltd വിശദമായി പരിശോധിക്കുകയും ജീവനക്കാരുടെ 2019 നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും GST ഉൾപ്പെടെയുള്ള GPAIS വാർഷിക പ്രീമിയമായി കുറവുചെയ്ത് സസ്പെൻസ് അക്കൗണ്ടിലേക്ക് മാറ്റി നിർത്തിയിട്ടുള്ള തുകയിൽ നിന്നും ഓരോ ജീവനക്കാരിൽ നിന്നും **850 രൂപ** വീതം പ്രീമിയം ഒടുക്കേണ്ട അവസാന തീയതിയായ 31/12/2019 ന് മുൻപ് ട്രഷറിയിൽ അടക്കുന്നതിനും 2020 വർഷത്തിൽ കൂടി ജീവനക്കാരെ SLI, GIS പദ്ധതികളിൽ നിന്നും ഒഴിവാക്കുന്നതിനായുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

മേൽ തീരുമാനം പരിഗണിച്ച്, സൂചന 6 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് ബാധകമായി 2020 വർഷത്തേക്കുള്ള പ്രീമിയം തുക 2019 നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും ARU തലവൻമാർ കിഴിവ് നടത്തിയത് 31/12/2019 നകം "8658 – 102 – 88 – suspense account – GPAI Fund" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ശൂന്യവേതനാവധിയിലുള്ളവർ, സസ്പെൻഷനിലുള്ളവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ 31/12/2019 നകം സ്വന്തം നിലക്ക് പ്രീമിയം തുക ട്രഷറിയിൽ ഒടുക്കേണ്ടതാണ്. കൂടാതെ GST ഇനത്തിൽ ഓരോ ജീവനക്കാരിൽ നിന്നും **154 രൂപാ** വീതം കുറവു ചെയ്തിട്ടുള്ള തുക ഒടുക്കുന്നത് സംബന്ധിച്ച് തിരുവനന്തപുരം വൈദ്യുതിഭവനിലെ ഫിനാൻഷ്യൽ അഡൈ്വസറുടെ കാര്യാലയത്തിന്റെ നിർദ്ദേശം അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടി ഉത്തരവിന് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ARU തലവൻമാർക്കും നിർദ്ദേശം നൽകുന്നു.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം

ഒപ്പ്
പി.ജി. ഉണ്ണിക്കൃഷ്ണൻ
സെക്രട്ടറി(ഭരണം)

**പകർപ്പ്:-**

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും /
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും /
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.

ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡൈ്വസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽഅഡൈ്വസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)/
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം

സീനിയർസൂപ്രണ്ട്